**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2903 **18.08.2017** - ലെ മറുപടിയ്ക്ക്

**ഭവനനിർമ്മാണ പദ്ധതി**

ചോദ്യം

ശ്രീ. കെ.ഡി. പ്രസേനൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ? | സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/ എൻ.ജി.ഒ. കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടുകൂടി വീട് നിർമ്മിച്ച് നൽകുന്ന ഗൃഹശ്രീ പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Subha

സെക്ഷൻ ഓഫീസർ

## അനുബന്ധം

### (1) ഗൃഹശ്രീ ഭവനപദ്ധതി

ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/ താഴ്ന്ന വരുമാന വിഭാഗം (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി കേരള ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണപുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. ടി പദ്ധതി പ്രകാരം പണിയാവുന്ന വീടിന്റെ പരമാവധി വിസ്തീർണ്ണം 83 ച. മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 1050 ലക്ഷം രൂപ ബോർഡിന് അനുവദിച്ച് നൽകുകയും ആയത് പ്രകാരം 525 ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം തുടരുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള അർഹതാമാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ് .

(എ) കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EMS) ദാരിദ്ര്യരേഖയ്ക്ക് താഴെ (ബി.പി.എൽ) ഗുണഭോക്താക്കൾ അർഹരാണ്.

(ബി) കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യരേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി..എൽ) അർഹരാണ്.

(സി) കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്.

കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലുതവണകളായി ഗഡുക്കൾ ലഭിക്കുന്നതിനായി ബോർഡ് നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

(1) ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും)
(3) വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽ നിന്നും.)
(4) വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
(5) റേഷൻകാർഡിന്റെ പകർപ്പ് ( സ്വയം സാക്ഷ്യപ്പെടുത്തിയത്)
(6) 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്
(7) ഭവന രഹിതമാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
(8) ഭവന നിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
(9) പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.
(10) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോ കോപ്പി.
(11) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST) വിഭാഗത്തിന് മാത്രം.

## 2. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. ഈ പദ്ധതി പ്രകാരം

(a) കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളുടെ നിർമ്മാണം 30.06.2015-ൽ പൂർത്തീകരിച്ച് അലോട്ടികൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്.
(b) കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.
(c) തൃശ്ശൂരിൽ പുതുക്കാട് 48 യൂണിറ്റുകളുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിച്ചു. പഞ്ചായത്തിന്റെ നിസഹകരണം മൂലം പദ്ധതി തുടർന്നു പോകാൻ കഴിയാത്ത് അവസ്ഥയാണ്.
(d) എറണാകുളം ചോറ്റാനിക്കരയിൽ 24 യൂണിറ്റുകൾ പണി പൂർത്തീയായി ഗ്രാമപഞ്ചായത്തിനു കൈമാറി.
(d) ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിക്കുകയും പണി പുരോഗമിക്കുകയും ചെയ്യുന്നു.

3.. **ഇന്നവേറ്റീവ് ഭവന പദ്ധതി**

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം തൃക്കാക്കരയിൽ 36 ഫ്ലാറ്റുകൾ, തിരുവനന്തപുരത്ത് പൂജപ്പുരയിൽ 88 ഫ്ലാറ്റുകൾ തൃശ്ശൂർ കുട്ടനെല്ലൂർ 48 ഫ്ലാറ്റുകൾ, കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം 40 ഫ്ലാറ്റുകൾ എന്നിങ്ങനെ 212 ഫ്ലാറ്റുകൾ നിർമ്മിച്ചു കഴിഞ്ഞു.

4. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ളഭവന പദ്ധതി</u>

സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇടുക്കി ദേവികുളത്ത് 12 ഫ്ലാറ്റുകളും കാസർഗോഡ് 36 ഫ്ലാറ്റുകളും തൃശ്ശൂർ കുട്ടനെല്ലൂരിൽ 6 ഫ്ലാറ്റുകളും ആകെ (54 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്. കാസർഗോഡ് നാലാംഘട്ടമായി 24 ഫ്ലാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. **<u>പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന നിർമ്മാണ പദ്ധതി</u>**

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളടങ്ങുന്ന കെട്ടിട സമുച്ചയം പാരസ്പര്യം മാതൃകയിൽ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരത്ത് അമ്പലനഗറിലും (60 ഫ്ലാറ്റുകൾ) എറണാകുളത്ത് പനമ്പള്ളി നഗറിലും (29 ഫ്ലാറ്റുകൾ), കുമാരനാശാൻ നഗറിലും (33 ഫ്ലാറ്റുകൾ), കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതിയിലും (72 ഫ്ലാറ്റുകൾ) പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. <u>വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതികൾ</u>

സംസ്ഥാനത്ത് വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇപ്പോൾ നിർമ്മാണം പൂർത്തിയാക്കിയ/പൂർത്തിയായി വരുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ താഴെ കൊടുക്കുന്നു.

1. കട്ടപ്പന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി (125 കിടക്കകൾ ) പൂർത്തീകരണ ഘട്ടത്തിലാണ്.

2. കോഴിക്കോട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി (159 കിടക്കകൾ ) പൂർത്തീകരണ ഘട്ടത്തിലാണ്.

3. എറണാകുളത്ത് ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി (92 കിടക്കകൾ ) പൂർത്തീകരിച്ചു.

4. തൃശ്ശൂരിൽ മുളംകുന്നത്തുകാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി (142 കിടക്കകൾ) പൂർത്തീകരണ ഘട്ടത്തിലാണ്.

5. തൃശ്ശൂരിൽ കിഴക്കേ ചാലക്കുടിയിൽ 71 കിടക്കകളുള്ള ഹോസ്റ്റലും തിരുവനന്തപുരത്ത് എൻ.സി.സി. നഗറിൽ 64 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയും പൂർത്തീകരിക്കുകയും ഉദ്ഘാടനം നടത്തുകയും ചെയ്തു.

വയനാട് മാനന്തവാടിയിൽ 169 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി ദർഘാസുകൾ ക്ഷണിക്കുകയും കരാറുകാരൻ 01.08.2017 ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 7. <u>റവന്യൂ ടവർ</u>

സർക്കാർ ആഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് റവന്യൂ ടവർ പദ്ധതി നടപ്പിലാക്കിയത്. ആലപ്പുഴയിൽ ഹരിപ്പാട് റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

Sobha S